"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

## <u>അഡീഷണൽ ഡയറക്ടറുടെ നടപടിക്രമം</u>

**(നിലവിൽ : പി കെ മാധവൻ )**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിങ് ഡയറക്ടറേറ്റ് -2017-18 വർഷത്തെ കേരളാ സ്റ്റേറ്റ് ഇന്റർ ഐടിഐ ട്രെയിനീസ് കൗൺസിൽ (KSITC) - ട്രഷററെയും അഡ്വൈസറേയും നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:-1) 23.6.1982 ലെ ജി.ഒ.(ആർടി) 662/82/തൊഴിൽ നമ്പർ ഉത്തരവ്.

2) 30.10.2000 ലെ എഫ്3/ 8917/ 2000 നമ്പരായ സർക്കുലർ.

**<u>ഉത്തരവ് നമ്പർ: F3/28534/2017,തീയതി, 17.06.2018</u>**

സൂചന (1) ലെ സർക്കാർ ഉത്തരവിലെ അനുബന്ധമായി ചേർത്തിട്ടുള്ള ചട്ടങ്ങളിലെ 6 (ഇ) (എഫ്) എന്നിവ പ്രകാരം 2017-18 വർഷത്തെ കേരളാ സ്റ്റേറ്റ് ഇൻറർ ഐടിഐ ട്രെയിനീസ് കൗൺസിൽ (KSITC) ട്രഷററായി ചന്ദനത്തോപ്പ് ഐടിഐയിലെ പ്രിൻസിപ്പാൾ ശ്രീ. ബി. വിജയനെയും അഡ്വൈസറായി ആര്യനാട് ഐടിഐയിലെ സീനിയർ ഇൻസ്ട്രക്ടർ ശ്രീ. ടി.എൻ. പ്രവീൺചന്ദിനെയും നിയമിച്ച് ഉത്തരവാകുന്നു.

2017-18 വർഷത്തെ കെഎസ്ഐടിസിയുടെ പ്രവർത്തനങ്ങൾക്കായി അഡ്മിഷൻ സമയത്ത് ട്രെയിനികളിൽ നിന്നും ഈടാക്കിയിട്ടുള്ള കൗൺസിൽ ഫണ്ടിൻറെ 65%-വും സ്പോർട്സ് ഫണ്ടിൻറെ 15%-വും കൗൺസിൽ ട്രഷറർക്ക് (ചന്ദനത്തോപ്പ് ഐടിഐ പ്രിൻസിപ്പാൾ ശ്രീ ബി.വിജയൻ) ഡി.ഡി ആയി 25.6.2018-നകം എല്ലാ ഐടിഐ പ്രിൻസിപ്പാൾമാരും അയച്ചുകൊടുക്കേണ്ടതാണ്. ടി വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്. സൂചന (2) ലെ സർക്കുലർ പ്രകാരം ഫണ്ട് കൃത്യമായി വിനിയോഗിക്കുന്നതിന് വേണ്ട നടപടികൾ ട്രഷറർ സ്വീകരിക്കേണ്ടതാണ്.

ട്രെയിനീസ് കൗൺസിൽ അഡ്വൈസർ ട്രെയിനീസ് കൗൺസിലിൻറെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും ഇൻറർ ഐടിഐ ആർട്സ്, സ്പോർട്സ് മത്സരങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് അവയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതുമാണ്. ഇനി വരുന്ന കൗൺസിൽ കാലയളവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പരിപാടികളുടെ കരട് തയ്യാർ ചെയ്ത് ട്രെയിനിംഗ് ഡയറക്ടറുടെ അനുമതിക്കായി 25/06/18 ന് മുൻപായി ട്രെയിനീസ് കൗൺസിൽ അഡ്വൈസർ സമർപ്പിക്കേണ്ടതാണ്.

Sd/-

പി.കെ മാധവൻ

അഡീഷണൽ ഡയറക്ടർ ഓഫ്

ട്രെയിനിങ്

സ്വീകർത്താവ്

1) ശ്രീ. ബി.വിജയൻ, പ്രിൻസിപ്പാൾ ഐടിഐ ചന്ദനത്തോപ്പ്

2) ശ്രീ. പ്രവീൺ ചന്ദ് ടി എൻ , സീനിയർ ഇൻസ്ട്രക്ടർ , ഐടിഐ ആര്യനാട് , പ്രിൻസിപ്പാൾ മുഖാന്തിരം

പകർപ്പ്

1) എല്ലാ ഐ ടി ഐ / ബി ടി സി / പ്രിൻസിപ്പാൾമാർക്കും
2) എല്ലാ ഐ ടി മാർക്കും
3) വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്